V. റിപ്പോർട്ട് സമർപ്പണം

(1) 1985–ലെ കേരള ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭങ്ങൾ (സംരംഭങ്ങൾ വിലക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

Minister for Industries (**Shri. E. Ahamed**): Sir, I present the report of the Subject Committee on Kerala Sick Textile Undertakings (Acquisition and Transfer of Undertakings) Bill, 1985 together with the Bill as reported by the Subject Committee.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമതു റിപ്പോർട്ട്.

ശ്രീ. എം.എം. ഹസ്സൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 24–ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI. നിയമനിർമ്മാണ കാര്യം

(1) സെലക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1984–ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീമതി കെ.ആർ. ഗൗരി: സർ, ഈ നിയമത്തിന്റെ മൂന്നാം വായനയിൽ ഞാൻ ഈ നിയമത്തെ അനുകൂലിക്കുന്നു. ഈ നിയമം പാസ്സാക്കണമെന്നും വേഗം നടപ്പിലാക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഈ നിയമം എത്രയുംവേഗം നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു. ഈ നിയമം നടപ്പിലാക്കണമെന്നു ഞാൻ പറയുമ്പോൾ ഈ നിയമത്തിൽ ഭേദഗതി ഒന്നും വേണ്ടെന്നോ മത്സ്യത്തൊഴിലാളിയുടെ നിർവ്വചനം വിസ്തൃതമാക്കേണ്ടയെന്നോ ഉള്ള അഭിപ്രായമെനിക്കില്ല. ഈ നിയമത്തിൽ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ മൽസ്യത്തൊഴിലാളികളെയും ഉൾക്കൊള്ളിച്ചിട്ടില്ല. മൽസ്യം പിടിക്കുന്ന ആളുകൾ അവരുടെ കുടുംബത്തിൽപ്പെട്ട തലച്ചുമടായും സൈക്കിളിലും മൽസ്യം കൊണ്ടുപോയി വിൽക്കുന്ന ആളുകൾ തുടങ്ങിയ ഗ്രാമസംഘത്തിൽപ്പെട്ടവരാണ് ഈ നിയമപ്രകാരം മൽസ്യത്തൊഴിലാളികൾ. ഗ്രാമസംഘങ്ങളിൽ അംഗങ്ങളായ മൽസ്യത്തൊഴിലാളികൾക്ക് മാത്രം ബാധകമാകുമെന്നുള്ളതാണ് ഈ പാസ്സാക്കുന്ന നിയമത്തിൽ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ പരമ്പരാഗത മൽസ്യത്തൊഴിലാളികളെന്നു പറഞ്ഞു. പരമ്പരാഗത മൽസ്യത്തൊഴിലാളികളെന്നു പറഞ്ഞാൽ നമ്മൾ വിചാരിക്കുന്ന തരത്തിൽ അത്ര വിസ്തൃതമായ വിഭാഗം മൽസ്യത്തൊഴിലാളി നിർവ്വചനത്തിൽ വരികയില്ല. ഞാൻ മുമ്പു പറഞ്ഞതു പോലെ ഈ വ്യാഖ്യാനത്തിൽപ്പെടുന്നത് ആകപ്പാടെയായിട്ട് മൽസ്യം പിടിക്കുന്നവർ, അവരുടെ കുടുംബത്തിൽപ്പെട്ടയാളുകൾ, അവരുടെ കുടുംബാംഗം പിടിക്കുന്ന മൽസ്യം വാങ്ങി സൈക്കിളുകളിലും തലച്ചുമടായും കൊണ്ടുചെന്ന് സംസ്ഥാനത്തിനു പുറത്തുമകത്തും വിൽക്കുന്നവർ ഇവർ മാത്രമാണ് മൽസ്യത്തൊഴിലാളികൾ. അവർ ഈ

LIBRARY ARCHIVES Kerala Legislative Assembly